പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5302 05-07-2012-ൽ മറുപടിയ്ക്ക്

35-ാമത് നാഷണൽ ഗെയിംസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.എ.ബേബി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) 35-ാമത് നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം പ്രോജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ദേശീയ ഗെയിംസിനോടനുബന്ധിച്ച് നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ഉദ്ഘാടന സമാപന വേദിയായ കാര്യവട്ടം ഗ്രീൻഫീൽഡ് ഇൻഡോർ സ്റ്റേഡിയം, വട്ടിയൂർക്കാവ് ഇൻഡോർ സ്റ്റേഡിയം, ചേവായൂർ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്, ഗ്രീൻഫീൽഡ് സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം എന്നിവയാണവ. ഇതിനുപുറമേ, തിരുവനന്തപുരം കേന്ദ്രമായി കായികതാരങ്ങൾക്കും മറ്റ് ഒഫീഷ്യലുകൾക്കും താമസ സൗകര്യമൊരുക്കുന്നതിനായി പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു |
| (ബി) തിരുവനന്തപുരം ഗെയിംസ് വില്ലേജിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ എന്തെല്ലാമാണ് പദ്ധതിയിട്ടിരുന്നതെന്നും | (ബി) നാഷണൽ ഗെയിംസിന്റെ ഭാഗമായി ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിന് വേണ്ടി ഹൗസിംഗ് ബോർഡിന്റെ |

| | |
|---|---|
| അവയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചും വ്യക്തമാക്കാമോ; ഇതിനായി ടെൻഡർ നടപടികളിൽ എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു ; അവയേതെല്ലാമെന്നും ഏത് സ്ഥാപനത്തെയാണ് സെലക്ട് ചെയ്തെന്നും വ്യക്തമാക്കുമോ ? | ആക്കുളത്തുള്ള സ്ഥലത്ത് സ്വകാര്യ ഫ്ളാറ്റ് രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനാണ് തുടക്കത്തിൽ ഉദ്ദേശിച്ചിരുന്നത്. ഇതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ടെൻഡർ നടത്തിയെങ്കിലും പദ്ധതി ആകർഷകമല്ലാത്തതിനാൽ ടെൻഡറുകൾ ലഭിക്കുകയാണ്ടായില്ല. പിന്നീട് പ്രീ ഫാബ്രിക്കേഷൻ ടെക്നോളജിയിൽ ഗെയിംസ് വില്ലേജ് പണിയാനായി തീരുമാനിക്കുകയും അതിലേയ്ക്ക് താല്പര്യമുള്ള കമ്പനികളിൽ നിന്നു അപേക്ഷ ക്ഷണിക്കുകയുമുണ്ടായി. 12 കമ്പനികൾ അപേക്ഷ സമർപ്പിച്ചതിൽ, 4 കമ്പനികളെ നാഷണൽ ഗെയിംസ് പ്രാഥമികമായി സെലക്ട് ചെയ്യുകയുണ്ടായി. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന നിബന്ധന അനുസരിച്ച് ഈ നാലു കമ്പനികളും നാഷണൽ ഗെയിംസ് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ കെട്ടിടങ്ങളുടെ ഒരു മോക്ക് യൂണിറ്റ് കമ്പനികളുടെ സ്വന്തം ചെലവിൽ കെട്ടിടങ്ങളുടെ പരിശോധനകൾക്കും അംഗീകാരത്തിനുമായി നിർമ്മിച്ചു കൊണ്ടിരിക്കയാണ്. ഇതിൽ വിജയിക്കുന്ന കമ്പനികളിൽ നിന്നും ഫിനാൻഷ്യൽ ബിഡ് വാങ്ങി ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്യുന്ന കമ്പനിക്ക് പദ്ധതിയുടെ നിർമ്മാണം നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ